വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികൾ

119 (3087) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധാരാളം പ്രവാസികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കണക്കുകൾ സംസ്ഥാന സർക്കാരിന് ലഭ്യമാണോ ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു വിവര ശേഖരണത്തിന് തയ്യാറാകുമോ;

(സി) ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളിൽ, മോചനം അർഹിക്കുന്ന കേസുകളിൽ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും ശിക്ഷാ കാലാവധി കഴിഞ്ഞവരെ നാട്ടിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ;

(ഡി) വിദേശജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളെ മോചിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ ?

ഉത്തരം

(എ&ബി) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കേരളീയർ കഴിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ജയിലിൽ കഴിയുന്ന കേരളീയരുടെ കണക്കുകൾ ലഭ്യമല്ല. വിദേശജയിലുകളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ വിശദാംശങ്ങൾ അതാത് സംസ്ഥാനങ്ങൾക്ക് ഇന്ത്യൻ എംബസികൾ മുഖേന ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽനിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതിനു പുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly